## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6657** | **11-07-2024 - ൽ മറുപടിയ്ക്ക്**

## ഹെൽപ്പിംഗ് ഹാൻഡ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പഠന പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും ഇവർക്ക് പ്രത്യേകമായി പരിശീലനം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടികളാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയും ഹെൽപിംഗ് ഹാന്റ് പദ്ധതിയും. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്കും ഹെൽപിംഗ് ഹാന്റ് പദ്ധതി 5 മുതൽ 12 -ാം ക്ലാസ് വരെയുള്ള കുട്ടികൾക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതി 2024-25 വർഷം മുതൽ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (ബി) | സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടികളാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയും ഹെൽപിംഗ് ഹാന്റ് പദ്ധതിയും. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്കും ഹെൽപിംഗ് ഹാന്റ് പദ്ധതി 5 മുതൽ 12 -ാം ക്ലാസ് വരെയുള്ള കുട്ടികൾക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതി 2024-25 വർഷം മുതൽ ആരംഭിക്കുന്നതാണ്. |
| (സി) | സമഗ്ര ശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ ഹെൽപ്പിംഗ് ഹാൻഡ് എന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്. സമഗ്ര ശിക്ഷാ കേരളത്തിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിലെ പഠനപ്രയാസം നേരിടുന്ന കുട്ടികൾക്കായി തയ്യാറാക്കിയ പദ്ധതിയാണ് ഹെൽപിംഗ് ഹാന്റ്. എലമെന്ററി (ക്ലാസ്സ് 5 മുതൽ 7 വരെ) സെക്കന്ററി, ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്ന് സ്കൂൾ ആവശ്യപ്പെടുന്ന പ്രകാരം പ്രോജക്റ്റ് തയ്യാറാക്കി അവതരിപ്പിക്കുകയും അതിൻപ്രകാരം ബി.ആർ.സി ട്രെയിനർമാർ, സി.ആർ.സി കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സഹായം സ്കൂളുകൾക്ക് ലഭ്യമാക്കി ഈ പ്രോജക്റ്റുകൾ എസ്.എസ്.കെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതാണ്. അതോടൊപ്പം പ്രോജക്റ്റിൽ |

| | | | |
|---|---|---|---|
| | | | നിർദ്ദേശിച്ച പ്രകാരം വർക് ഷീറ്റുകൾ, വിദഗ്ദ്ധരുടെ സേവനം, എന്നിവ എസ്.എസ്.കെ ലഭ്യമാക്കുന്നതാണ്. ജൂലൈ രണ്ടാം വാരം ആരംഭിച്ച് ഡിസംബർ മാസം പൂർത്തിയാക്കുന്ന പദ്ധതി കൃത്യമായ മോണിറ്ററിംഗ് നടത്തി മുന്നോട്ട് പോകുന്നതാണ്. പാഠഭാഗങ്ങളുമായി ചേർന്ന് പോകുന്ന വിധത്തിൽ തയ്യാറാക്കുന്ന പ്രോജക്ടിനായി സ്കൂളുകൾക്ക് ഭാഷാവിഷയങ്ങൾ, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നീ മേഖലകൾ തിരഞ്ഞെടുക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടി അറിയിക്കാമോ? | (ഡി) | സമഗ്ര ശിക്ഷാ കേരളം ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർ, ബി.ആർ.സി ട്രെയിനർമാർ, സി.ആർ.സി കോ-ഓർഡിനേറ്റർ എന്നിവർക്ക് കൃത്യമായ പരിശീലനം നൽകിയിട്ടുണ്ട്. അതോടൊപ്പം പ്രോജക്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശീലനം സ്കൂൾ പ്രഥമാധ്യാപകർക്കും എസ്.ആർ.ജി കൺവീനർമാർക്കും ബി.ആർ.സി തലത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ